മാതൃഭൂമി

7 December 2016

# പെരുന്നിനാകുളം ചിറ വൃത്തിയാക്കാൻ മീൻപട ഇറങ്ങി

**കൊച്ചി:** തൃപ്പൂണിത്തുറ പെരുന്നിനാകുളം ചിറയിലെ പായൽ നീക്കം ചെയ്യാൻ മീനുകളെ ഇടുന്ന പദ്ധതിക്ക് ചൊവ്വാഴ്ച തുടക്കംകുറിച്ചു.

മീനുകളെ നിക്ഷേപിച്ച് കുളങ്ങളിലെ പായൽ നീക്കം ചെയ്യാൻ എറണാകുളം കൃഷി വിജ്ഞാന കേന്ദ്രമാണ് (കെ.വി.കെ.) പദ്ധതിയൊരുക്കിയത്.

കെ.വി.കെ. മേധാവി ഡോ. ഷിനോജ് സുബ്രഹ്മണ്യന്റെയും മത്സ്യക്കൃഷി വിദഗ്ധൻ ഡോ. പി.എ. വികാസിന്റെയും നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. രാസവിഷങ്ങൾ ഉപയോഗിക്കാതെ തന്നെ പായലുകളും കളസസ്യങ്ങളും നിയന്ത്രിക്കാൻ സസ്യാഹാരികളായ മീനുകളെ പ്രയോജനപ്പെടുത്താവുന്നതാണെന്ന് ഡോ. ഷിനോജ് സുബ്രഹ്മണ്യൻ പറഞ്ഞു.

'ഗ്രാസ് കാർപ്പ്' മീനാണ് ഇതിനുപയോഗിക്കുന്നത്. ഒരു ഗ്രാസ് കാർപ്പ് മീൻ, അതിന്റെ ശരീരഭാരത്തിന്റെ രണ്ടു മുതൽ മൂന്നു മടങ്ങുവരെ അളവ് പായൽ ഭക്ഷിക്കും. ഈ മീനുകൾ കുളങ്ങളിൽ പ്രജനനം നടത്തില്ല. അതിനാൽ, പെറ്റുപെരുകുന്ന പ്രശ്നം ഉണ്ടാകുന്നില്ല. ഒരേക്കർ വലിപ്പമുള്ള, പായൽനിറഞ്ഞ കുളം വൃത്തിയാക്കാൻ 20 ഗ്രാസ്കാർപ്പ് മീൻ മതിയാകും.